A

705

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2019–20

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 7 | സമയം: 2 മണിക്കൂർ

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 10 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളിലെ എ, ബി, സി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

പ്രവർത്തനം – 1

**ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണത്തോടെ ബ്രിട്ടീഷ് വിരുദ്ധസമരത്തിന് ദേശീയ സ്വഭാവം കൈവന്നു.**

എ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണയോഗത്തിൽ അധ്യക്ഷത വഹിച്ചതാരാണ്?

ബി. പ്രസ്തുത യോഗം വിളിച്ചുകൂട്ടാൻ മുൻകൈയെടുത്ത ബ്രിട്ടീഷുകാരൻ ആരാണ്?

സി. പ്രഥമസമ്മേളനത്തിൽ ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് പ്രഖ്യാപിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

പ്രവർത്തനം – 2

**കലയിലും സാഹിത്യത്തിലും മാത്രമല്ല, ശാസ്ത്രത്തിലും നവോത്ഥാനം സ്വാധീനം ചെലുത്തി.**

എ. സൗരയൂഥത്തെക്കുറിച്ച് നിലനിന്നിരുന്ന തെറ്റായ ആശയം എന്തായിരുന്നു? നവോത്ഥാന കാലഘട്ടത്തിൽ ഇതിന് എന്തുമാറ്റം വന്നു?

ബി. സൗരയൂഥസിദ്ധാന്തം ശരിയാണെന്നു തെളിയിക്കാൻ സഹായിച്ച ഉപകരണം ഏത്? കണ്ടുപിടിച്ചതാര്?

സി. നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഗുട്ടൻബർഗിന്റെ പങ്കെന്തായിരുന്നു?

പ്രവർത്തനം – 3

**ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച വ്യവസായ വിപ്ലവത്തിനു കാരണമായി.**

എ. നവോത്ഥാനം വ്യവസായ വിപ്ലവത്തിനു സഹായകമായതെങ്ങനെയെന്നു വിശദമാക്കുന്ന കുറിപ്പു തയാറാക്കുക?

പ്രവർത്തനം – 4

**ബ്രിട്ടീഷുകാരെക്കാൾ ഒരു നൂറ്റാണ്ടു മുമ്പെ പോർച്ചുഗീസുകാർ കച്ചവടത്തിനായി ഇന്ത്യയിൽ വന്നു.**

എ. എന്നിട്ടും, വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ച് നിലനിർത്താൻ അവർക്ക് കഴിയാതെ പോയതെന്തുകൊണ്ട്?

ബി. പോർച്ചുഗീസ് നിർമിതിയായ രണ്ടു കോട്ടകൾ ഇന്നും കേരളത്തിൽ നിലനിൽക്കുന്നു. അവ എതെല്ലാം?

പ്രവർത്തനം – 5

**ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്ക് ഒരു പ്രദേശത്തെ ജനജീവിതം രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുണ്ടല്ലോ. സ്ഥാനം കൊണ്ട് സവിശേഷതയാർന്ന ഒരു സ്ഥലമായിരുന്നു പൗരസ്ത്യ റോമിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ ( ഇസ്താംബൂൾ). 1453-ൽ തുർക്കികൾ ഈ പ്രദേശം കീഴടക്കി.**

എ. എന്തെല്ലാമായിരുന്നു കോൺസ്റ്റാന്റിനോപ്പിളിന്റെ ചരിത്രപരമായ പ്രത്യേകതകൾ?

ബി. നാടുവിട്ടു പോകേണ്ടി വന്നപ്പോൾ കോൺസ്റ്റാന്റിനോപ്പിളിലെ കലാകാരൻമാർക്ക് ഇറ്റലി സ്വീകാര്യമായത് എന്തുകൊണ്ടായിരുന്നു?

പ്രവർത്തനം – 6

**ബ്രിട്ടീഷുകാർ നമ്മുടെ രാജ്യത്ത് അവരുടെ അധികാരപ്രദേശങ്ങൾ വ്യാപിപ്പിച്ചത് യുദ്ധങ്ങൾ വഴിയും നിയമനിർമാണങ്ങൾ വഴിയുമായിരുന്നു.**

എ. ദത്തവകാശനിരോധന നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു?

ബി. ഈ നിയമപ്രകാരം ബ്രിട്ടീഷുകാർ അവരുടെ അധീനതയിലാക്കിയ രണ്ടു നാട്ടുരാജ്യങ്ങളുടെ പേരെഴുതുക.

പ്രവർത്തനം – 7

**ബ്രിട്ടീഷുകാരുടെ ദുർഭരണം സമ്പന്നമായിരുന്ന നമ്മുടെ കാർഷിക മേഖലയെ ദരിദ്രമാക്കി.**

എ. ബ്രിട്ടീഷുകാരുടെ ഏതെല്ലാം നടപടികളാണ് ഇതിനു കാരണമായത്? ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം – 8

**ബ്രിട്ടീഷുകാരുടെ നടപടികൾ കർഷകർ, നെയ്ത്തുകാർ എന്നിവർക്കു മാത്രമല്ല ഗോത്രവിഭാഗങ്ങൾക്കും ദോഷകരമായിരുന്നു.**

എ. വനവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷുകാരുടെ നടപടികൾ എങ്ങനെയെല്ലാം ഗോത്രജനതയുടെ ജീവിതം ദുസ്സഹമാക്കി?

ബി. ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച ഏതെങ്കിലും രണ്ടു ഗോത്രവിഭാഗങ്ങളുടെ പേരെഴുതുക.

പ്രവർത്തനം – 9

**1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ ബ്രിട്ടീഷുകാർ 'ശിപായി ലഹള' എന്നു വിളിച്ചു. ശിപായിമാരുടെ ജീവിതം തികച്ചും ദുരിതപൂർണമായിരുന്നു.**

എ. സൈനികരെ ഇതിലേക്കു നയിച്ച അവസ്ഥയെക്കുറിച്ച് ഒരു കുറിപ്പു തയാറാക്കുക.

പ്രവർത്തനം – 10

**തന്നിട്ടുള്ള രൂപരേഖ നിരീക്ഷിച്ച് ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങളായ ഗുജറാത്ത്, കേരളം, പശ്ചിമബംഗാൾ, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിലായി യൂറോപ്യൻമാരുടെ കാലത്തു നിലനിന്നിരുന്ന 5 വാണിജ്യകേന്ദ്രങ്ങൾ അടയാളപ്പെടുത്തുക.**

(ഓരോ സംസ്ഥാനങ്ങളിൽ ഓരോന്നുവീതം)

പ്രവർത്തനം - 10

(അടയാളപ്പെടുത്തിയ രൂപരേഖ ഉത്തരപേപ്പറിനോടൊപ്പം ചേർത്തുവയ്ക്കുക)




(ടെക്സ്റ്റ് ബുക്ക് പേജ്നം 20)